IT @ School
DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

**IT@SCHOOL STATE PROJECT OFFICE**
(IT Project under Directorate of Public Instruction)

VICTERS
(The complete educational channel)
POOJAPPURA. P.O., THIRUVANANTHAPURAM - 12
Ph: 0471-2529800 Fax: 0471-2529810
E-mail: contact@itschool.gov.in, victers@itschool.gov.in
Website: www.itschool.gov.in, www.victers.itschool.gov.in

നം. ITS/2017/1161 (2) തീയതി : 30.06.2017

## സർക്കുലർ

വിഷയം:- ഐടി@സ്കൂൾ പ്രോജക്റ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സ്കൂൾ ഐടി കോർഡിനേറ്റർമാരുടെ പ്രത്യേക ശില്പശാല നടത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ.ഉ.(സാധാ) നം. 3372/16/പൊ.വി.വ തീയതി 07.11.2016
2. സ.ഉ.(സാധാ) നം. 1963/17/പൊ.വി.വ തീയതി 20.06.2017

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്ന എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സ്കൂളുകളിലെ സ്കൂൾ ഐടി കോർഡിനേറ്റർമാരുടെ പ്രത്യേക ശില്പശാല നടത്തുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറി, പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടർ എന്നിവരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനിച്ചിരിക്കുകയാണ്. പ്രസ്തുത ശില്പശാല ക്രമീകരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- എസ്.ഐ.ടി.സി, എച്ച്.ഐ.ടി.സിമാരുടെ ഏകദിന ശില്പശാല 2017 ജൂലൈ 4-ന് രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ നടത്തുന്നതാണ്.
- ശില്പശാല വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതാണ്. ശില്പശാലയിൽ താഴെപ്പറയുന്ന കാര്യങ്ങൾ വിശദീകരിക്കുന്നതാണ്.

| | |
|---|---|
| 1. ഹൈടെക് സ്കൂൾ | 2. കണ്ടന്റ് പോർട്ടൽ |
| 3. ഇ-മാലിന്യ നിർമാർജനം | 4. ഹായ് സ്കൂൾ കുട്ടിക്കൂട്ടം |
| 5. ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി | 6. സമ്പൂർണ |
| 7. ഹാർഡ്‌വെയർ പരാതി പരിഹാരം | 8. സ്കൂൾ വിക്കി |
| 9. 2017-18-ലെ ഐസിടി പ്രവർത്തനങ്ങൾ | 10. ഓപ്പറേറ്റിംഗ് സിസ്റ്റവുമായി ബന്ധപ്പെട്ട് സംശയനിവാരണം. |
| 11. പുതുക്കിയ ഐ.സി.ടി. മാർഗരേഖ | |

- ശില്പശാലയിൽ പങ്കെടുക്കുന്നവർക്ക് 200/- രൂപ ഓണറേറിയമായി ഐടി@സ്കൂളിന്റെ അതത് ഡി.ആർ.സി അക്കൗണ്ടിൽ നിന്ന് നൽകേണ്ടതാണ്.
- അടിസ്ഥാന പരിശീലനം ലഭിക്കാത്ത സ്കൂൾ ഐടി കോർഡിനേറ്റർമാർക്ക് 2017 ജൂലൈ 8-ന് പ്രത്യേക പരിശീലനം നൽകുന്നതാണ്. പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കുന്ന സ്കൂൾ ഐടി കോർഡിനേറ്റർമാർ പ്രോജക്ടിന്റെ അതത് ജില്ലാ ഓഫീസിൽ പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.
- ഐടി@സ്കൂൾ നിർദ്ദേശിക്കുന്ന ഹൈസ്കൂൾ, ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ പ്രൈമറി വിദ്യാലയങ്ങളിലെ ഇ-മാലിന്യ നിർമ്മാർജനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ സർക്കാർ, എയിഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രഥമാധ്യാപകർക്കും

എല്ലാ എസ്.ഐ.ടി.സി,എച്ച്.ഐ.ടി.സിമാർക്കും

എല്ലാ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർ കോർഡിനേറ്റർ/ മാസ്റ്റർട്രെയിനർമാർക്കും.

പകർപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
ഹയർസെക്കന്ററി ഡയറക്ടർ
വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടർ
} അറിവിലേക്ക്

എല്ലാ ഡി.ഡി.ഇ./ഡി.ഇ.ഒ.മാർക്കും
എല്ലാ ഹയർ സെക്കന്ററി ആർ.ഡി.ഡി./വൊക്കേഷണൽ ഹയർ സെക്കന്ററി എ.ഡി.മാർക്കും
അക്കൗണ്ട്സ്/ഫിനാൻസ്/അക്കാദമിക് വിഭാഗം
കരുതൽ ശേഖരം

## എസ്.ഐ.ടി.സി–എച്ച്.ഐ.ടി.സിമാരുടെ യോഗം

**തീയതി: 04.07.2017**

**സമയം : രാവിലെ 10.00 മുതൽ വൈകിട്ട് 4.30 വരെ**

**<u>യോഗത്തിൽ വിശദീകരിക്കേണ്ട പ്രധാനവിഷയങ്ങൾ</u>**

- **9.30 : രജിസ്ട്രേഷൻ**
- **10.00 – 10.10 : ആമുഖം**
- **10.10 – 10.40 : എക്സിക്യൂട്ടീവ് ഡയറക്ടറുടെ വീഡിയോ സന്ദേശം**
- **10. 40 – 11.10 : ഹൈടെക് പ്രോജക്ട് – അവലോകനം, രണ്ടാംഘട്ട സർവെ വിശദാംശങ്ങൾ**

ഹൈടെക് ക്ലാസ്റൂം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള സ്കൂളുകളുടെ തയാറെടുപ്പ്, വിവരശേഖരവുമായി ബന്ധപ്പെട്ടുള്ള രണ്ടാംഘട്ട സർവേ ഫോം, നെറ്റ്‌വർക്കിങ്, ഹാർഡ്‌വെയർ സ്ഥാപനവുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയാണ് ഈ സെഷനിൽ അവതരിപ്പിക്കേണ്ടത്). <u>ഇതിനായി hi_tech ഫോൾഡറിലെ HiTech_instructions.pdf എന്ന ഫയലും സർവേ ഫോം മാതൃകയും ഇതിനായി ഉപയോഗിക്കാം</u>

- **11.10 – 11.50 : സമഗ്ര പോർട്ടൽ പരിചയപ്പെടുത്തൽ**

ഐ.സി.ടി ശാക്തീകൃത പഠനവുമായി ബന്ധപ്പെട്ടുള്ള സഹായക സംവിധാനമായ സമഗ്രപോർട്ടലിന്റെ വിശദമായ പരിചയപ്പെടലാണ് ഈ സെഷനിൽ അവതരിപ്പിക്കേണ്ടത്.

Samagra ഫോൾഡറിൽ പരാമർശിച്ചിരിക്കുന്ന ഫയലുകളും ലിങ്കുകളും പ്രയോജനപ്പെടുത്തി പോർട്ടൽ സ്വയം പരിചയപ്പെട്ടതിനു ശേഷമായിരിക്കണം RP ഇത് അവതരിപ്പിക്കേണ്ടത്.

ഈ സെഷന് സമഗ്രപോർട്ടലുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച എം.ടി.മാരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

**ചുവടെ നൽകിയ ക്രമത്തിൽ ഈ സെഷൻ അവതരിപ്പിക്കാം.**

- സമഗ്രപോർട്ടലിന്റെ പ്രാധാന്യം
- അധ്യാപക പരിശീലനത്തിൽ ഇവ പ്രാഥമികമായി പരിചയപ്പെടുത്തിയിട്ടുണ്ട്
- എല്ലാ അധ്യാപകരും യൂസർ അക്കൗണ്ട് നിർമിക്കേണ്ട ആവശ്യകത
- സമഗ്ര യൂസർ രജിസ്ട്രേഷൻ
- ഉള്ളടക്കം അപ്‌ലോഡിങ് , ഡെമോ

- ഉള്ളടക്ക നിർമാണം, അപ്‌ലോഡിങ് – സ്കൂളുകളുടെ പങ്കാളിത്തം ഉറപ്പുവരുത്താനുള്ള പ്ലാനിങ്

**11.50 – 12. 30 ഇ–വേസ്റ്റ് മാനേജ്മെന്റ്**

സ്കൂളുകളിലെ ഇ–വേസ്റ്റ് നിർമാർജനവുമായി ബന്ധപ്പെട്ട G.O വിശദാംശങ്ങളുടെ അവതരണം.

ഓൺലൈൻ സൈറ്റ് പരിചയപ്പെടുത്തൽ.

( E_Waste എന്ന ഫോൾഡറിലെ യൂസർ ഗൈഡിലെ വിശദാംശങ്ങൾ വിശദമായി മനസിലാക്കിയാണ് ഈ സെഷൻ അവതരിപ്പിക്കേണ്ടത്. )

**പ്രത്യേക ശ്രദ്ധക്ക്:**

എല്ലാ എം.ടി. മാരും ഈ സൈറ്റ് പരിചയപ്പെടേണ്ടതാണ്. ഇത് അവതരിപ്പിക്കുന്നതിന് മുമ്പായി ഏതെങ്കിലും സ്കൂളിന്റെ ലോഗിനിൽ പ്രവേശിച്ച് നാലോ അഞ്ചോ എൻട്രി (യഥാർഥ വിവരങ്ങൾ) എം.ടി. മാരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടാൽ അവ കൺസോളിഡേറ്റ് ചെയ്ത് പ്രോഗ്രാമർ രതീഷിന്റെ മെയിലിലേക്ക് ജില്ലാ കോർഡിനേറ്റർ അയച്ചു കൊടുക്കേണ്ടതാണ്.

**12. 30 – 1. 00 : സമ്പൂർണ, കുട്ടിക്കൂട്ടം, സ്കൂൾവിക്കി, – അവലോകനം**

- **സമ്പൂർണ** – സമ്പൂർണ സംവിധാനത്തിന്റെ പ്രാധാന്യം, സംശയനിവാരണം, UID/EID അപ്ഡേറ്റ് ചെയ്യേണ്ട ആവശ്യകത, പുതിയ സൗകര്യങ്ങൾ
  - സമ്പൂർണയിലെ പുതിയ സൗകര്യങ്ങൾ
    - EID എന്റർ ചെയ്യാനുള്ള സൗകര്യം
    - UID or EID ഇല്ലെങ്കിൽ കാരണം നൽകാനുള്ള സംവിധാനം
    - UID മറ്റേതെങ്കിലും സ്കൂളിൽ നൽകിയിട്ടുണ്ടെങ്കിൽ അപ്ഡേഷൻ സമയത്ത് അത് പ്രദർശിപ്പിക്കുന്നതിനുള്ള സംവിധാനം

(സമ്പൂർണ കൂടുതൽ പരിചയപ്പെടുത്തൽ പിന്നീട് നടക്കുന്ന എസ്.ഐ.ടി.സി.മാരുടെ ഏകദിന പരിശീലനത്തിൽ അവതരിപ്പിക്കാം.)

- **കുട്ടിക്കൂട്ടവുമായി ബന്ധപ്പെട്ട് അവതരിപ്പിക്കേണ്ട കാര്യങ്ങൾ**
  - ഹൈടെക് ക്ലാസ്റൂം സംവിധാനത്തിൽ കുട്ടിക്കൂട്ടത്തിന്റെ പ്രസക്തി
  - കുട്ടിക്കൂട്ടം പ്രവർത്തനത്തിനായി സ്കൂൾവിക്കി, ഇ–മെയിൽ അംഗത്വം ഉണ്ടാക്കണം.
  - രജിസ്റ്റർ ചെയ്ത എല്ലാവിദ്യാർഥികൾക്കും രണ്ട് ദിവസത്തെ പ്രാഥമിക പരിശീലനം ലഭിച്ചു എന്ന് ഉറപ്പ് വരുത്തുക

- വിശദമായ പരിശീലനത്തിന് ഒരു വിദ്യാർഥി **ഒരു മേഖല** തിരഞ്ഞെടുക്കണം.
- അഭിരുചിയും താത്പര്യവും തിരിച്ചറിഞ്ഞ് വിവിധ മേഖലകളിലേക്ക് കുട്ടികളെ ഉൾപ്പെടുത്തുക.
- എല്ലാ മേഖലയിലും സ്കൂളിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തണം
- എല്ലാവരും ഒരേ മേഖല തന്നെ തിരഞ്ഞെടുക്കുന്നത് ഒഴിവാക്കുക.
- പരിശീലനം ലഭിച്ച വിദ്യാർഥികളെ ഉപയോഗിച്ച് സ്കൂളിൽ പൊതു ചടങ്ങുകൾ/ മറ്റു വിദ്യാർഥികൾക്ക് പരിശീലനം ആസൂത്രണം ചെയ്യണം.

**രണ്ടാം ഘട്ടം പരിശീലനം ഉടനെ ആരംഭിക്കും.**

- **രണ്ടാം ഘട്ട പരിശീലനം**
  - രണ്ടാം ഘട്ടത്തിൽ ഓരോ വിദ്യാർഥിയും ഏതെങ്കിലും **ഒരു മേഖല** തിരഞ്ഞെടുക്കേണ്ടതുണ്ട്. എട്ട്, ഒമ്പത് ക്ലാസുകളിലായി ഈ മേഖലയിൽ 20 മണിക്കൂർ വീതം പരിശീലനം (രണ്ടു വർഷത്തിലായി 40 മണിക്കൂർ). ചുവടെ നൽകിയ രീതിയിലാണ് ഇത് നൽകുന്നത്.

  - ഒന്നാം ടേം – 8 മണിക്കൂർ
  - രണ്ടാം ടേം – 8 മണിക്കൂർ
  - മൂന്നാം ടേം – 4 മണിക്കൂർ

ഈ വർഷം (2017–18) എട്ട്, ഒമ്പത് ക്ലാസിലുള്ളവർ ഒരേ മൊഡ്യൂൾ തന്നെയാണ് പരിശീലിക്കേണ്ടത്. 2018–19 അക്കാദമികവർഷം മുതൽ ഒമ്പതാം ക്ലാസിലുള്ളവർക്ക് പ്രത്യേകം മൊഡ്യൂൾ ഉണ്ടായിരിക്കുന്നതാണ്.

- **സ്കൂൾ വിക്കിയുമായി ബന്ധപ്പെട്ട് അവതരിപ്പിക്കേണ്ട കാര്യങ്ങൾ**
  - സ്കൂൾ വിക്കിയുടെ പ്രസക്തി
  - സ്കൂൾവിക്കിയിൽ സ്കൂളുകൾക്ക് ഔദ്യോഗികമായി അംഗത്വം ആവശ്യമാണ്. ഈ അംഗത്വം സ്കൂൾ email ലുമായി ബന്ധിപ്പിച്ചിരിക്കണം.
  - School page, sub pages ഇവ സ്വന്തം നിരീക്ഷണപട്ടികയിൽ ഉൾപ്പെടുത്തണം.
  - Infobox ൽ ഉൾപ്പെടുത്തിയ വിവരങ്ങൾ ശരിയാണ് എന്ന് ഉറപ്പാക്കണം.
  - തെറ്റായ വിവരങ്ങൾ, അപൂർണ്ണമായ വിവരങ്ങൾ ഇവ ഇല്ല എന്ന് ഉറപ്പാക്കണം
  - സ്കൂൾപേജിൽ അധികമായും അനാവശ്യമായും ഉൾപ്പെടുത്തിയ ചിത്രങ്ങളും അനിമേഷനുകളും ഒഴിവാക്കേണ്ടതാണ്.
  - ക്ലബ് പ്രവർത്തനങ്ങൾ വിശദമാക്കാൻ, പ്രത്യേകം താളുകളിലേക്ക് ലിങ്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. അവ പ്രയോജനപ്പെടുത്തണം.

- സ്കൂളുകൾ സ്വന്തമായി പുതിയ പേജുകൾ തയ്യാറാക്കുമ്പോൾ, അവ സ്കൂൾപേജിന്റെ ഉപ പേജാണ് എന്ന് ഉറപ്പാക്കണം.
- കുട്ടിക്കൂട്ടം പ്രവർത്തനത്തിനായി പ്രത്യേകം സ്കൂൾവിക്കി, ഇമെയിൽ അംഗത്വം ഉണ്ടാക്കണം.
- ഭാഷാധ്യാപകരുടെ സഹായത്തോടെയുള്ള വിവിധ ഭാഷാപ്രോജക്ടുകൾ പൂർത്തിയാക്കണം

(സ്കൂൾവിക്കി കൂടുതൽ പരിചയപ്പെടുത്തൽ പിന്നീട് നടക്കുന്ന എസ്.ഐ.ടി.സി. മാരുടെ ഏകദിന പരിശീലനത്തിൽ അവതരിപ്പിക്കാം.)

- 1.00 - 1.45 – **ഉച്ചഭക്ഷണം**
- **1.45 -2.30 പുതുക്കിയ ICT പഠനം – മാർഗരേഖ ( കരട് ) പരിചയപ്പെടുത്തലും ചർച്ചയും.**

ഐ.സി.ടി. മാർഗരേഖയുടെ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട ചർച്ചയാണ് ഈ സെഷനിൽ നടക്കേണ്ടത്. വിദ്യാലയങ്ങളിലെ ഐ.സി.ടി പ്രവർത്തനങ്ങളെയും അവയുടെ നടപടിക്രമങ്ങളെയും ഏകീകരിക്കാനും ബോധവത്ക്കരിക്കാനും ഈ സെഷൻ പ്രയോജനപ്പെടുത്തണം. ICT_Margarekha എന്ന ഫോൾഡറിലെ Guidlines_ICT Implementation Modified Draft.pdf എന്ന ഫയൽ ഇതിനായി പ്രയോജപ്പെടുത്താം.

**NB: ഇത് കരട് പതിപ്പാണ്. സർക്കുലറുകൾ പുതിയ മാർഗരേഖയിൽ ഉൾപ്പെടുത്താനുമുണ്ട്.**

പഴയ മാർഗനിർദേശങ്ങളിൽ നിന്നുള്ള മാറ്റങ്ങൾക്കാണ് ഇവിടെ പ്രാധാന്യം നൽകേണ്ടത്. അവ ചുവടെ നൽകിയിരിക്കുന്നു.

- ഐ.ടി. ക്ലബ്ബിന് പകരം 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം'
- ഉപജില്ല ഐ.സി.ടി. സമിതി
- രജിസ്റ്ററുകൾ ഓൺലൈനാക്കൽ
- പ്രൈമറി മുതൽ ഹയർസെക്കണ്ടറി വരെ ഒരേ കൈപ്പുസ്തകം
- ഹൈടെക് സംവിധാനം

(ഗുണപരമായ നിർദേശങ്ങൾ ക്രോഡീകരിച്ച് പ്രോജക്ടിലേക്ക് അയച്ച തരേണ്ടതാണ്.)

2.30 - 3.00

- **2016–17 വർഷത്തെ ഐ.സി.ടി പ്രവർത്തനങ്ങളുടെ അവതരണവും, പുതിയവർഷത്തെ ആസൂത്രണവുമാണ് ഈ സെഷനിൽ നടക്കേണ്ടത്.**

  **ചുവടെ നൽകിയ കാര്യങ്ങൾ ഈ സെഷനിലുണ്ടാവേണ്ടതാണ്.**
  - 2016–17 വർഷത്തെ തനതുപ്രവർത്തനങ്ങളുടെ അവതരണം
  - ഐ.ടി ക്ലബ്ബ് പ്രവർത്തനങ്ങൾ
  - 2017–18 വർഷത്തെ ആസൂത്രണം – ഷെഡ്യൂൾ

**3.00 – 3.30– ഫീഡ്ബാക്ക് സെഷൻ**

- **ബ്രോഡ്ബാന്റ് – പരാതി പരിഹാര സംവിധാനം പ്രയോജനപ്പെടുത്തൽ**
- **ഹാർഡ്‌വെയർ കംപ്ലയന്റ് രജിസ്ട്രേഷൻ പ്രയോജനപ്പെടുത്തൽ**
- **മറ്റു കാര്യങ്ങൾ:**
    - ഹൈടെക് സ്കൂൾ പ്രവർത്തനങ്ങളിൽ സ്കൂൾ ഐ.ടി കോർഡിനേറ്ററുടെ പങ്ക് പ്രധാനമാണ്. ആയതിനാൽ നിലവിലുള്ള കോർഡിനേറ്റർമാർക്ക് ചുമതലയിൽ നിന്നൊഴിവാകണമെങ്കിൽ അനുയോജ്യരായ ആളെ കണ്ടെത്തി പകരം ചുമതല അധ്യയനവർഷാരംഭത്തിൽ തന്നെ കൈമാറാവുന്നതാണ്.
    - വിവരങ്ങൾ എത്തിക്കാൻ ഗ്രൂപ്പ് മെസേജിങ് സംവിധാനം പ്രയോജനപ്പെടുത്തണം (Whatsapp, Telegram)

3.30 – 4.20

- **ഓപ്പറേറ്റിങ് സിസ്റ്റം സംശയനിവാരണം**

നിലവിൽ വിവിധ പരിശീലനം ലഭിച്ച എസ്.ഐ.ടി.സി.മാർക്ക് പൊതുവെ പരിചിതമല്ലാത്ത പ്രശ്നങ്ങളും അവയുടെ പരിഹാര നിർദേശങ്ങളുമാണ് ഈ സെഷനിൽ അവതരിപ്പിക്കേണ്ടത്. പുതിയ എസ്.ഐ.ടി.സി. മാർക്കുള്ള ഏകദിനപരിശീലന പരിപാടി പിന്നീട് നടക്കുന്നതാണ്.

os_notes ഫോൾഡറിലെ installation-notes.pdf എന്ന ഫയലിലെ വിശദാംശങ്ങൾ ഇവിടെ അവതരിപ്പിക്കാം.

ഇൻസ്റ്റലേഷൻ ഡെമോയും ഇൻസ്റ്റലേഷൻ സംബന്ധമായ പ്രാഥമികമായ സംശയങ്ങൾക്കും പിന്നീട് നടക്കുന്ന എസ്.ഐ.ടി.മാരുടെ ഏകദിന പരിശീലനത്തിൽ അവതരിപ്പിച്ചാൽ മതിയാകുന്നതാണ്.

4.20 – 4.30 – **കോഴ്സ് സമാപനം – ഫീഡ് ബാക്ക്**

**ജില്ലാ കോർഡിനേറ്റർമാരുടെ ശ്രദ്ധാക്ക്:**

**ഏകദിന പരിശീലനത്തിന്റെ ഫീഡ്ബാക്ക്, ഓരോ സെഷനിലെയും പ്രധാനപ്പെട്ട നിർദേശങ്ങൾ എന്നിവ ക്രോഡീകരിച്ച് 05/07/15 ന് മുമ്പായി സ്റ്റേറ്റ് പ്രോജക്ട് ഓഫീസിലേക്ക് അയക്കേണ്ടതാണ്.**